# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2785** | **10.07.2015-ൽ മറുപടിക്ക്**

**ശുചിത്വകേരളം പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| 1. ശ്രീ. ബെന്നി ബെഹനാൻ<br>2. ,, . ഹൈബി ഈഡൻ<br>3. ,, വി.ഡി.സതീശൻ<br>4. ,, എം.പി. വിൻസെന്റ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.<br>1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം.<br>2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം<br>3. ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പുനരുദ്ധാരണം<br>4. അറവുശാല നിർമ്മാണം അഥവാ നവീകരണം<br>5. അറവുശാല മാലിന്യ സംസ്കരണം.<br>6. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി<br>7. മാതൃകാ സെപ്റ്റേജ് മാനേജ്മെന്റ് പരിപാടി<br>8. പൊതു ശുചിത്വ കോംപ്ളക്സ്<br>9. മാലിന്യ മുക്ത കേരളം പ്രചാരണം, വിവര വിജ്ഞാന വ്യാപനം<br>10. മാലിന്യ മുക്ത കേരളം അവാർഡ്<br>11. പഠന - വിവരണ ശേഖരണ പ്രവർത്തനം<br>12. പങ്കാളികൾക്കുള്ള ശേഷീ വികസന പരിപാടി. |

(ബി) ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ;

(ബി) കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാലിന്യ സംസ്ക്കരണം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. 1994–ലെ കേരളാ നഗരപാലിക ചട്ടം, കേരളാ പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാജ്ജനം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്നും അതിനുള്ള സഹായമാണ് നൽകി വരുന്നത്. അതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ മാലിന്യ സംസ്ക്കരണ ശാലകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള മാലിന്യ സംസ്ക്കരണ ശാലകൾ ആധുനികവൽക്കരിക്കുന്നതിനും സർക്കാർ ഭാഗത്തു നിന്ന് ഉയർന്ന തോതിലുള്ള സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിലേയ്ക്കായി വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് ഉയർന്ന തോതിലുള്ള സബ്സിഡി നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പാക്കാനായി വിവര വിജ്ഞാന വ്യാപന പരിപാടി ഓരോ വ്യക്തിയും മാലിന്യ സംസ്ക്കരണത്തിൽ തങ്ങളുടെ കടമ നിറവേറ്റാൻ പ്രേരിപ്പി

ക്കുന്ന തരത്തിൽ 2014 ജൂൺ 5 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായവും പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും സർക്കാർ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായവും നൽകുക എന്ന ഉത്തരവാദിത്തമാണ് ശുചിത്വമിഷനിൽ നിക്ഷിപ്തമായിട്ടുള്ളത്.

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താഴെപ്പറയുന്നപ്രവർത്തനങ്ങളാണ് ശുചിത്വ കേരളം പദ്ധതി വഴി ആവിഷ്ക്കരിച്ചിട്ടുള്ളത്.

1) കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ പരിപാലന സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ.
2) വീടുകളിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നിർവ്വഹണത്തിനായി ബയോ ഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കൽ.
3) ഗ്രാമപഞ്ചായത്തുകളുടെ സമഗ്രമാലിന്യ സംസ്ക്കരണ പ്രോജക്ടിൽ ഉൾപ്പെടാത്ത സർക്കാർ സ്കൂളുകൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ഹോസ്റ്റലുകൾ, പഞ്ചായത്ത് മാർക്കറ്റുകൾ, മാംസ ഉല്പാദന വിപണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഖര-ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കൽ.
4) അജൈവ മാലിന്യം ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉൾപ്പെടുന്ന റിസോഴ്സ് റിക്കവറി സെന്റർ (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കൽ, സാങ്കേതിക സഹായം നൽകൽ.

5) ഗ്രാമപഞ്ചായത്തുകളിൽ ശാസ്ത്രീയ രീതിയിലുള്ള ആധുനിക അറവ്ശാലകൾ നിർമ്മിക്കൽ.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) 2000-മാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റലിംഗ് റൂൾസ്) പ്രകാരം എല്ലാ നഗരസഭകളിലും സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി സംസ്ഥാനത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിലേയ്ക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 46 നഗരസഭകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായമായി 28.62 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 74 ഗ്രാമപഞ്ചായത്തുകളിൽ പൊതു കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്ന പ്രോജക്ടുകൾക്കും, 805 ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത ഗാർഹികതല ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്കും സഹായം നൽകപ്പെട്ടിട്ടുണ്ട്. ഗാർഹിക തല ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് 2011-12 വർഷത്തിൽ 35 ഗ്രാമപഞ്ചായത്തുകൾക്കും 2012-13 വർഷത്തിൽ 255 ഗ്രാമപഞ്ചായത്തുകൾക്കും, 2013-14 വർഷത്തിൽ 96 ഗ്രാമപഞ്ചായത്തു

കൾക്കും, 2014–15 വർഷത്തിൽ 75 ഗ്രാമപഞ്ചായത്തുകൾക്കും 2011–12 മുതൽ നാളിതുവരെയായി 59 നഗരസഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മുൻ നിർമ്മൽ ഭാരത് അഭിയാൻ പ്രകാരം ആകെ 344 ഗ്രാമ പഞ്ചായത്തുകൾക്കും ഖര-ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

Mayed

സെക്ഷൻ ഓഫീസർ